## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 961 — 12-06-2014- ൽ മറുപടിക്ക്

# വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.തോമസ് ഉണ്ണിയാടൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ രംഗത്തും, ഉന്നത വിദ്യാഭ്യാസ രംഗത്തും കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുവിദ്യാഭ്യാസ രംഗത്തും, ഉന്നത വിദ്യാഭ്യാസ രംഗത്തും കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :-<br>➢ വിദ്യാഭ്യാസ പാക്കേജ്<br>➢ മലയാളം നിർബന്ധ ഭാഷ<br>➢ മലയാള സർവ്വകലാശാല<br>➢ അലിഗഡ് സർവ്വകലാശാല<br>➢ ഇഫ്ളു കാമ്പസ്<br>➢ സാങ്കേതിക സർവ്വകലാശാല<br>➢ സമഗ്ര വിദ്യാഭ്യാസ പരിപാടി<br>➢ സൌജന്യ യൂണിഫോം, മികച്ച ഉച്ചഭക്ഷണം<br>➢ അധ്യയന വർഷാരംഭം മുമ്പേ പാഠപുസ്തക വിതരണം<br>➢ പരീക്ഷാ ഫലങ്ങൾ റെക്കോഡ് വേഗത്തിൽ<br>➢ കലോത്സവങ്ങൾ ജനകീയമാക്കി<br>➢ എസ്.എസ്.എൽ.സി ബുക്കിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള നടപടികൾ ലഘൂകരിച്ചു. |

(മറുപുറം)

| | |
|---|---|
| | ➢ ഗൾഫ് രാജ്യങ്ങളിൽ തുല്യതാ പരീക്ഷ<br>➢ ഹയർ സെക്കണ്ടറി തലത്തിൽ തുല്യതാ പരീക്ഷ<br>➢ തുല്യതാ പരീക്ഷ ലക്ഷദ്വീപ് സമൂഹത്തിലേക്ക് വ്യാപിപ്പിച്ചു<br>➢ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ<br>➢ എ.ഐ.സി.ടി.ഇ മേഖലാ കേന്ദ്രം<br>➢ 140 മണ്ഡലങ്ങളിലും ആർട്സ് ആന്റ് സയൻസ് കോളേജുകൾ<br>➢ തളിപ്പറമ്പ്, മണ്ണാർക്കാട്, തിരൂരങ്ങാടി ആസ്ഥാനമായി പുതിയ മൂന്ന് വിദ്യാഭ്യാസ ജില്ലാ ഓഫീസുകൾ<br>➢ കോട്ടയം, മലപ്പുറം, കണ്ണൂർ ആസ്ഥാനമായി പുതിയ മൂന്ന് ഹയർ സെക്കണ്ടറി മേഖലാ ഓഫീസുകൾ<br>➢ ഓപ്പൺ സ്കൂൾ മേഖലാ കേന്ദ്രം മലപ്പുറത്ത്<br>➢ ഹയർ സെക്കണ്ടറിയിൽ അധിക ബാച്ചുകളും, സീറ്റുകളും<br>➢ പ്രീ-പ്രൈമറി ജീവനക്കാരുടെ വേതനം ഉയർത്തി<br>➢ സ്കൂൾ അപ്ഗ്രഡേഷൻ<br>➢ പോളിടെക്നിക്കിൽ സായാഹ്ന കോഴ്സുകൾ |
| ബി) സാങ്കേതിക–പ്രൊഫഷണൽ വിദ്യാഭ്യാസ രംഗങ്ങൾ കൂടുതൽ | ബി) 21-ാം നൂറ്റാണ്ട് പ്രദാനം ചെയ്യുന്ന അനന്തമായ അവസരങ്ങൾ പ്രയോജനപ്പെടുത്തുകയും വെല്ലുവിളികൾ |

(മറുപുറം)

| | |
|---|---|
| മെച്ചപ്പെടുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | നേരിടുകയും ചെയ്യുന്ന തരത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഉദ്ഗ്രഥനം ലക്ഷ്യമിട്ടുകൊണ്ട് Higher Education 2.0 – Illumine the Future എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>1. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മയും അധ്യാപകരുടെ നിലവാരവും വിലയിരുത്തുന്നതിനായി ഒരു സ്റ്റേറ്റ് അസസ്മെന്റ് & അക്രഡിറ്റേഷൻ കൌൺസിൽ രൂപീകരിക്കുന്നതിനു മുന്നോടിയായുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഡോ.എ.ജ്ഞാനം ചെയർമാനായി രൂപീകരിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>2. അപാകതകൾ ഉള്ളതായി പരാതികൾ ഉന്നയിക്കപ്പെട്ട പശ്ചാത്തലത്തിൽ അവ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രൊഫ.ബി.ഹൃദയകുമാരി അദ്ധ്യക്ഷയായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്.<br>3. തിരുവനന്തപുരത്തും, എറണാകുളത്തും, കോഴിക്കോടും കോളേജ് ക്ലസ്റ്ററുകൾ സ്ഥാപിച്ചു. കൂടുതൽ ക്ലസ്റ്ററുകൾ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.<br>4. നോബൽ സമ്മാന ജേതാക്കളടക്കം പ്രമുഖ പണ്ഡിതരെ ഉൾപ്പെടുത്തി സംസ്ഥാനത്തെ സർവകലാശാലകളിൽ 2009-10 മുതൽ സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം എറുഡേറ്റ് എന്ന പേരിൽ നടപ്പിലാക്കിവരുന്നു.<br>5. ദേശീയ അന്തർദേശീയ തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വന്ന മാറ്റങ്ങൾ കൂടി ഉൾകൊണ്ട് സംസ്ഥാന വിദ്യാഭ്യാസനയത്തിൽ |

| | |
|---|---|
| | മാറ്റങ്ങൾ വരുത്താൻ പഠനം നടത്തുന്നതിനും, നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി പോണ്ടിച്ചേരി സർവകലാശാല വൈസ് ചാൻസിലർ പ്രൊഫ.ജെ.എ.കെ.തരീൻ അദ്ധ്യക്ഷനായി പുതിയ ഒരു സമിതിയെ നിയോഗിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>6. സർവകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിൽ കൂടുതൽ സമഗ്രമായ പഠനങ്ങൾ ആവശ്യമാണെന്ന് കണ്ടതിനാൽ പ്രൊഫ.ചന്ദ്രശേഖരപിള്ള അദ്ധ്യക്ഷനായി പുതിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.<br>7. വിദ്യാഭ്യാസ വ്യവസായ രംഗങ്ങൾ തമ്മിലുള്ള പരസ്പര ബന്ധവും സഹകരണവും വർദ്ധിപ്പിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ് ഡയറക്ടർ ശ്രീ.രാജീവ് ശ്രീനിവാസൻ അദ്ധ്യക്ഷനായി രൂപീകരിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>8. സംസ്ഥാന ഉന്നത വിദ്യാഭ്യാസ സൌകര്യങ്ങളുടെ സമഗ്രവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഡേറ്റാ ബാങ്ക് തയ്യാറാക്കി വെബ്സൈറ്റിൽ നൽകാനുള്ള പദ്ധതിയുടെ അവസാന ഘട്ടം പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>9. ഇതര സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ കൌൺസിലുകളുമായി സഹകരിച്ച്, സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൌൺസിലിന്റെ ആഭിമുഖ്യത്തിൽ 2009-10 മുതൽ ടീച്ചർ എക്സ്ചേയ്ഞ്ച് പ്രോഗ്രാം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | 10. പോളിടെക്നിക്കുകൾ, ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ, പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടുകൂടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവിലുള്ള ഭൌതിക സൌകര്യങ്ങൾ ഉപയോഗപ്പെടുത്തി കേന്ദ്രാ വിഷ്കൃത പദ്ധതിയായ കമ്മ്യൂണിറ്റി കോളേജ് പദ്ധതി സംസ്ഥാനത്തെ 5 സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.<br>11. സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിലും ടെക്നിക്കൽ ഹൈസ്കൂളുകളിലും ദേശീയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ യോഗ്യത ചട്ടക്കൂട് (NVEQF) രൂപവൽകരിക്കുന്നതിന് ആവശ്യമായ കോഴ്സ് മെറ്റീരിയൽ തയ്യാറാക്കലും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങളും പൂർത്തിയായി കഴിഞ്ഞു.<br>12. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിന് സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 4 പോളിടെക്നിക്കുകളിലും 2014-15 വർഷം ടെക്നോളജി ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററുകൾ സ്ഥാപിച്ച് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു. |
| സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ആഗോള കേന്ദ്രമായി ഉയർത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ആഗോളകേന്ദ്രമായി ഉയർത്തുന്നതിന് ആഗോള വ്യവസായ സംരഭകരായ ബോഷ് റെക്സ്റോത്ത്, മേഴ്സിഡസ് ബെൻസ് എന്നിവയുടെ സഹകരണത്തോടുകൂടി യഥാക്രമം ഓട്ടോമോഷൻ സാങ്കേതിക വിദ്യാ മേഖലയിൽ വിദ്യാഭ്യാസ പങ്കാളിത്തം, ഓട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ |

(മറുപുറം)

| | |
|---|---|
| | വ്യവസായ വിദ്യാഭ്യാസ ഡിപ്ലോമ കോഴ്സും, ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റി, മദ്രാസ് ഐ.ഐ.ടി, കാനഡയിലെ മോൺട്രിയൻ യൂണിവേഴ്സിറ്റി എന്നിവയുടെ സഹകരണത്തോടെ സാങ്കേതിക പഠനരംഗത്ത് പരിവർത്തന വിദ്യാഭ്യാസ എഡ്യൂക്കേഷനായി സംസ്ഥാനത്ത് ഗവേഷണ കേന്ദ്രം ആരംഭിക്കുവാനും, വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യ-യു.കെ ബന്ധം ദൃഢപ്പെടുത്തുന്നതിനായി U.K ഇൻഡ്യാ എഡ്യൂക്കേഷൻ റിസർച്ച് ഇനിഷ്യേറ്റിവുമായി AICTE ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ഇരു രാജ്യങ്ങളുടേയും വിദ്യാഭ്യാസ മേഖലകളിൽ ഘടനാപരമായ മാറ്റം വരുത്തുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. AICTE യും യു.കെയിലെ Dudley കോളേജും ചേർന്ന് സംയുക്തമായി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ IRG (International Relations Group) രൂപീകരിച്ചിട്ടുണ്ട്. എല്ലാ യൂണിവേഴ്സിറ്റികളിലും ആഗോളതലത്തിലുള്ള യൂണിവേഴ്സിറ്റികളുമായി ചേർന്ന് കോഴ്സുകൾ നടത്താനും Students Exchange Programme നടത്തുന്നതിന് നടപടികളും ആരംഭിച്ചിട്ടുണ്ട്. International Students നെ ലക്ഷ്യം വച്ചുകൊണ്ട് പുതിയ കോഴ്സുകൾ ഓരോ യൂണിവേഴ്സിറ്റിയും ചിട്ടപ്പെടുത്താൻ യൂണിവേഴ്സിറ്റി Vice Chancellor മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ രണ്ട് International University യുമായി ചേർന്ന് M.Tech course in Translational Engineering തുടങ്ങാനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ